Mr. V. K. Bhaskara Menon *(Cranganur):* Then I beg leave of the House to withdraw the motion.

Motion, by leave, withdrawn

The demand of Rs. 1,43,790 under "2—Agriculture" was put and carried

2. AGRICULTURE (Cranganur) Rs. 75

Mr. T. K. Nayar *(Minister for Rural Development):* I rise to move for an allotment of Rs. 75 under "2—Agriculture (Cranganur)". I request that the House will be pleased to sanction the amount.

Motion put and carried

30 Scientific, etc., Departments Rs. 17,600

Mr. C. J. Mathew *(Joint Secretary to Government):* I move for an allotment of Rs. 17,600 under "30 Scientific, etc., Departments".

CUT MOTION No. 1

Working of the Department of Archaeology should be improved

***Mr. K. R. Viswambharan** *(Ezhuvas-Talappalli):* I rise to move *to reduce the allotment of Rs. 3,279 for Archaeology Scientific, etc., Department by Re. 1, to discuss plans to improve the efficiency of the Department of Archaeology.*

ഗവമ്മെണ്ടിന്നലങ്കാരമായുള്ള ചില ഡിപ്പാർട്ട്മെണ്ടുകളിൽ ഒന്നാണ് പുരാണവസ്തുസംരക്ഷണ ഡിപ്പാർട്ട്മെണ്ടു്. ഈ ഡിപ്പാർട്ട്മെണ്ടു് വലിയ പ്രതീക്ഷകളോടുകൂടിയായിരിക്കണം തുടങ്ങിയിരിക്കുന്നതു്. ഒരു പുരാതന സംസ്കാരത്തിന്റെ പ്രാതിനിദ്ധ്യം വഹിക്കുന്ന മലയാളക്കരയിൽനിന്നു ഇന്ത്യയിലെ ചരിത്രസമ്പത്തിലേക്കു എന്തെങ്കിലും കേരളത്തിന്നു് സമ്മാനിക്കുവാനുണ്ടെന്നു അതിന്റെ ആദ്യകാലത്തെ പ്രവർത്തകന്മാരിൽനിന്നു ബോദ്ധ്യമായതിന്റെ ശേഷമായിരിക്കണം ഒരു ചെറരാജ്യമായ ഈ കൊച്ചിരാജ്യത്തിൽ ഒരു ആക്കിയോളജിഡിപ്പാർട്ട്മെണ്ടു് സ്ഥാപിച്ചതെന്നു ഊഹിക്കേണ്ടിയിരിക്കുന്നു. എന്നാൽ കഴിഞ്ഞ കുറെ സംവത്സരമായി ആ ഡിപ്പാർട്ട്മെണ്ടിന്റെ ഭരണം ഇവിടത്തെ സാമാന്യജനങ്ങൾക്കും ഈ നിയമസഭക്കുതന്നെയും അജ്ഞാതമാണെന്നു പറയേണ്ടിയിരിക്കുന്നു. കഴിഞ്ഞ രണ്ടു മൂന്നു സംവത്സരങ്ങളായി ആ ഡിപ്പാർട്ട്മെണ്ടിന്റെ വാർഷിക റിപ്പോർട്ടതന്നെ അച്ചടിച്ചു പരസ്യപ്പെടുത്തുവാറില്ല. ആക്കിയോളജിഡിപ്പാർട്ട്മെണ്ടിൽനിന്നു പ്രധാനമായി ആവശ്യമുള്ളതു് ഒരു വിഷയത്തെപ്പറ്റി ഗവേഷണം നടത്തി അതുമൂലം സിദ്ധിക്കുന്ന അറിവു പരസ്യപ്പെടുത്തുക എന്നുള്ളതാണു്. പരിഷ്കൃത ഗവമ്മെണ്ടുകൾ പാലിച്ചുവരുന്ന പുരാതന വസ്തുസംരക്ഷണ ഡിപ്പാർട്ട്മെണ്ടുകളിൽനിന്നു ആ രാജ്യങ്ങളിലെ നാണയ സംബന്ധമായും പുരാതന വസ്തു സംബന്ധമായും എപ്പിഗ്രാഫ് സംബന്ധമായുമുള്ള പലേ അറിവുകളും കിട്ടിക്കൊണ്ടിരിക്കുന്നതായി മനസ്സിലാക്കുവാൻ സാധിക്കും. എന്നാൽ അതുപോലെ ഒരു പുരാതന ചരിത്രമുള്ള ഈ രാജ്യത്തു ഇപ്രകാരമുള്ള ഒരു ഡിപ്പാർട്ട്മെണ്ടിന്റെ പ്രവർത്തനം വന്നിട്ടു കാര്യമായി യാതൊന്നും നമുക്കു അറിയുവാൻ സാധിച്ചിട്ടില്ലെന്നു കാണുന്നതു് വാസ്തവത്തിൽ ആ ഡിപ്പാർട്ട്മെണ്ടു് വച്ചുകൊണ്ടിരിക്കുന്ന ഗവമ്മെണ്ടിനു ഭൂഷണമാണെന്നു തോന്നുന്നില്ല. ചേരമാൻ പറമ്പു അടുത്തകാലത്തു കുഴിക്കുവാൻ പോകുന്നതായി ചില വർത്തമാനങ്ങൾ ലഭിക്കുകയുണ്ടായി. അതിന്റെ പണി എത്രത്തോളമായി എന്നും എന്തെല്ലാം ചരിത്രസത്യങ്ങളാണു് അതിൽനിന്നു അതിന്റെ പ്രവർത്തകന്മാക്കു സിദ്ധിച്ചിട്ടുള്ളതെന്നു നമുക്കു ഇതുവരെയും അറിയുവാൻ കഴിഞ്ഞിട്ടില്ല. എന്നുതന്നെയല്ല, അതിനെ സംബന്ധിച്ചു് എന്തെല്ലാം ഗവേഷണങ്ങളാണു് നടത്തുവാൻ സാധിച്ചിട്ടുള്ളതെന്നു് ഒരു പ്രസിദ്ധീകരണം വഴിയും ഈ നിയമസഭക്കോ ഈ നാട്ടിലെ പൌരജനങ്ങൾക്കോ അറിയുവാൻ ഇടയായിട്ടില്ല. കൊല്ലംതോറും ബഡ്ജറ്റു് രൂപീകരിക്കുന്ന അവസരങ്ങളിൽ കുറെ ആയിരം രൂപാ ഈ ഇനത്തിലേക്കു വെക്കുന്നു എന്നുള്ളതല്ലാതെ ആ ഡിപ്പാർട്ട്മെണ്ടിനെ സംബന്ധിച്ചു് ഗവമ്മെണ്ടു് വിദഗ്ദ്ധമായ നിലയിൽ എന്തെങ്കിലും പരിശോധനകളോ എന്തെങ്കിലും നിയന്ത്രണങ്ങളോ നടത്തുന്നുണ്ടെന്നു വളരെ സംശയിക്കേണ്ടതായിട്ടാണിരിക്കുന്നതു്. ആ ഡിപ്പാർട്ട്മെണ്ടു് സ്ഥാപിക്കുവാൻ കാരണഭൂതമായ സംഗതികൾ എന്താണെന്നു പരിശോധിച്ചു് അതിന്നു പൂർണ്ണമായി അതു നടക്കുന്നുണ്ടോ എന്നു് പരിശോധിക്കേണ്ട ചുമതല ഈ ഗവമ്മെണ്ടിന്നും, ഈ നിയമസഭക്കും ഉണ്ടെന്നു് ഞാൻ വിശ്വസിക്കുന്നു. അതിനാൽ ആ ഡിപ്പാർട്ട്മെണ്ടിനെ പരിഷ്കരിക്കുകയും കൂടുതൽ കാര്യക്ഷമമാക്കുകയും ചെയ്യുന്നതിന്നു ഗവമ്മെണ്ടിനെ ഉൽബോധിപ്പിക്കുവാൻവേണ്ടി ഞാൻ ഈ ഉപക്ഷേപത്തെ അവതരിപ്പിക്കുന്നു.

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly